**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 103** **16-09-2025 - ൽ മറുപടിയ്ക്ക്**

**കലാപരിപാടിക്കിടയിൽ എം.എൽ.എയ്ക്കുണ്ടായ അപകടം സംബന്ധിച്ച അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | എറണാകുളം കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ 2024 ഡിസംബർ 29ന് നടന്ന കലാപരിപാടിക്കിടയിൽ സ്ഥലം എം.എൽ.എ.യ്ക്ക് അപകടം സംഭവിച്ചതുമായി ബന്ധപ്പെട്ട വിഷയത്തിൽ വിശാല കൊച്ചിൻ വികസന അതോറിറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | പ്രസ്തുത സംഭവത്തിൽ വിശാല കൊച്ചിൻ വികസന അതോറിറ്റി (ജി.സി.ഡി.എ) സെക്രട്ടറിയും, സൂപ്രണ്ടിംഗ് എഞ്ചിനീയറും ചേർന്ന് സംയുക്തമായി അന്വേഷണം നടത്തിയിട്ടുണ്ട്. 04.01.2025 ന് കൂടിയ ജി.സി.ഡി.എ. നിർവാഹക സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേഡിയത്തിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉഷ. എസ്.എസ്. നെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>അന്വേഷണത്തിൽ മനപൂർവ്വമായ വീഴ്ചകൾ ഒന്നും സംഭവിച്ചതായി കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. ജി.സി.ഡി.എ നടത്തിയ അന്വേഷണത്തിനു പുറമെ, കൊച്ചി കോർപ്പറേഷൻ, ഫയർഫോഴ്സ് തുടങ്ങിയ അധികൃതരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങാതെയും കൃത്യമായ സുരക്ഷ ക്രമീകരണങ്ങൾ ഇല്ലാതെയും താൽക്കാലിക സ്റ്റേജ് നിർമ്മിച്ച് പരിപാടി നടത്തിയ മൃദംഗ വിഷൻ സംഘാടകർക്കെതിരെ ജി.സി.ഡി.എ സെക്രട്ടറി 01.01.2025 തീയതിയിൽ പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ജി.സി.ഡി.എ. യുടെ ഭാഗത്തു നിന്നും നിയമപരമായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടിയിട്ടുണ്ടെന്ന് ജി.സി.ഡി.എ. സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ ക്രൈം. നം. 1294/2024 U/s 110.3(5) of BNS പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണത്തിൽ പരിപാടിയുടെ സംഘാടകരിൽ നിന്നും ഉണ്ടായ ഗുരുതര വീഴ്ചയാണ് അപകടത്തിന് കാരണമായിട്ടുള്ളതെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ 5 പേരെ പ്രതികളാക്കി കേസ് |

| | | | |
|---|---|---|---|
| | | | രജിസ്റ്റർ ചെയ്തു 27.08.2025 -ൽ ബഹു. കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തു.<br><br>ഭാവിയിൽ സ്റ്റേഡിയം നടത്തിപ്പിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതാണെന്ന കർശന നിർദ്ദേശം ജി.സി.ഡി.എ. യ്ക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരിപാടി സംഘടിപ്പിച്ചപ്പോൾ പാലിക്കേണ്ടതായ മുൻകരുതലുകളും സുരക്ഷാക്രമീകരണങ്ങളും സ്വീകരിക്കുന്നതിൽ വിശാല കൊച്ചിൻ വികസന അതോറിറ്റിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകളെ പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉത്തരം (എ) ൽ ചേർത്തിരിക്കുന്നു. |
| (സി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ സമഗ്രമായ ഒരു അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (സി) | ഉത്തരം (എ) ൽ ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത വിഷയത്തിൽ ജി.സി.ഡി.എ. യിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച ശിക്ഷാ നടപടികളുടെ വിശദാംശവും അവർക്കെതിരെയുള്ള അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ഉത്തരം (എ) ൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ